(ബി) സർക്കാർ ഇത്തരം ഒരു നിർദ്ദേശം വകുപ്പുതലവന്മാർക്ക് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ചില വകുപ്പുതലവന്മാർ കാഷ്വൽ സ്വീപ്പർമാരെ പിരിച്ചുവിടാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ റദ്ദാക്കാൻ നിർദ്ദേശം നൽകുമോ ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവിധ വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആശ്രിത നിയമനം

14 (758) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി അനുസരിച്ച്, അപേക്ഷ സമർപ്പിച്ച് അനേക വർഷങ്ങളായിട്ടും ജോലി ലഭിക്കുന്നില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡയിംഗ്-ഇൻ-ഹാർനെസ് പദ്ധതിപ്രകാരം എത്രപേർക്ക് വിവിധ വകുപ്പുകളിലായി ജോലി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ഡി) ആശ്രിത നിയമന പദ്ധതി പ്രകാരം ഒഴിവുകളിൽ എത്ര ശതമാനമാണ് ഇതിനായി നീക്കിവെച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഇ) ആശ്രിത നിയമനം ലഭിക്കുന്നതിന് അപേക്ഷ നൽകി വർഷങ്ങളോളം കാത്തിരിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി ആശ്രിതനിയമനത്തിന്റെ റേഷ്യോ ഉയർത്തുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആശ്രിതനിയമനം നൽകുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചും ഇതിൻപ്രകാരം നിയമനം നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനുമായി 24-5-1999-ലെ ജി.ഒ. (പി) നം. 12/99/ഉഭപവ. ഉത്തരവ് പ്രകാരം വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly